# Desahimani
# 28 July 2018
# Idukki Dam ; Shuter open

## ഇടുക്കി ഡാം ഘട്ടംഘട്ടമായി തുറക്കും: എം എം മണി

**ഇടുക്കി**

ഇടുക്കി ഡാമിൽ വെള്ളം 2400 അടിയിൽ എത്തുന്നതിനുമുമ്പു തന്നെ ആവശ്യമെങ്കിൽ തുറന്നുവിടുമെന്നും അതിനുള്ള എല്ലാ ക്രമീകരണങ്ങളും തയ്യാറായിട്ടുണ്ടെന്നും മന്ത്രി എം എം മണി. കലക്ടറേറ്റിൽ ഇടുക്കി, മുല്ലപ്പെരിയാർ ഡാം സുരക്ഷയുമായി ബന്ധപ്പെട്ട് ചേർന്ന അടിയന്തര യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒറ്റയടിക്ക് കൂടുതൽ വെള്ളം തുറന്നുവിടുന്നത് ഒഴിവാക്കാൻ ജലനിരപ്പ് ഉയരുന്നതിന് അനുസരിച്ച് അൽപ്പാൽപ്പമായി തുറന്നുവിടുന്നതാണ് പ്രായോഗികമെന്നും അതിനാണ് മുൻഗണനയെന്നും അദ്ദേഹം പറഞ്ഞു.

ഡാം തുറക്കും മുമ്പ് ആവശ്യമായ മുന്നറിയിപ്പുകൾ നൽകുകയും മുൻകരുതലുകൾ എടുക്കുകയും ചെയ്യും. പകൽസമയത്തുതന്നെ തുറക്കും. എത്ര വീടുകളെ ബാധിക്കുമെന്നത് സംബന്ധിച്ച വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫീൽഡ് സർവേ നടത്തി. സ്ഥിതിഗതികൾ വിലയിരുത്താനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും അഡീഷണൽ ചീഫ് സെക്രട്ടറി പി എച്ച് കുര്യനെ നിയോഗിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടാൻ എല്ലാ വകുപ്പുകളും ജനപ്രതിനിധികളും ഏകോപനത്തോടെ പ്രവർത്തിക്കണമെന്നും പൊതുജന, മാധ്യമ സഹകരണം ഉണ്ടാകണമെന്നും മന്ത്രി അഭ്യർഥിച്ചു.

മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് എല്ലാ സുരക്ഷാ നടപടികളും കൈക്കൊള്ളും. മുല്ലപ്പെരിയാർ സുരക്ഷാ കൗൺസിൽ യോഗം ചേരാൻ ചീഫ് സെക്രട്ടറി വഴി തമിഴ്നാടുമായി ബന്ധപ്പെട്ടിട്ടുണ്ട്. അടിയന്തരമായി യോഗം ചേർന്ന് നടപടികൾ സ്വീകരിക്കും- മന്ത്രി പറഞ്ഞു.